# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 917 — 06.06.2018-ൽ മറുപടിക്ക്

## ആദിവാസികൾക്ക് നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ആദിവാസികൾക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിന് നിയമന ഉത്തരവ് നൽകിത്തുടങ്ങിയിട്ടുണ്ടോ; എങ്കിൽ, ജില്ലാടിസ്ഥാനത്തിൽ നിയമനം നൽകിയവരുടെ എണ്ണം അറിയിക്കാമോ; | എ) | ആദിവാസികൾക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിനായി താഴെ കൊടുത്തിട്ടുള്ള രീതിയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

| തസ്തിക | വയനാട് | മലപ്പുറം | പാലക്കാട് |
|---|---|---|---|
| സിവിൽ പോലീസ് ഓഫീസർ | 40 | 4 | 10 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | 12 | 4 | 5 |
| എക്സൈസ് ഓഫീസർ | 15 | 3 | 5 |
| വനിതാ സിവിൽ എക്സൈസ് ഓഫീസർ | 2 | - | - |

| | | | |
|---|---|---|---|
| ബി) | ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും കായിക ക്ഷമതാ പരീക്ഷകളിലും എന്തെങ്കിലും ഇളവുകൾ പ്രസ്തുത വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | സിവിൽ പോലീസ് ഓഫീസർ, വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികകളിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായ എസ്.എസ്.എൽ.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി തോറ്റവരെയും, ഇവരുടെ അഭാവത്തിൽ 8-ാം ക്ലാസ് ജയിച്ചവരെയും പരിഗണിച്ചിരുന്നു. സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ശാരീരിക യോഗ്യതയായ ഉയരം കുറഞ്ഞത് 160 സെ.മീ. എന്നുള്ളതിൽ യോഗ്യരായവരുടെ അഭാവത്തിൽ 5 സെ.മീ. ഇളവും നെഞ്ചളവ് കുറഞ്ഞത് 76 സെ.മീ. എന്നുള്ളതിൽ യോഗ്യരായവരുടെ അഭാവത്തിൽ 72 സെ.മീ. ആയും വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ ശാരീരിക യോഗ്യതയായ ഉയരം കുറഞ്ഞത് 150 സെ.മീ. എന്നുള്ളത് യോഗ്യരായവരുടെ അഭാവത്തിൽ 148 സെ.മീ. വരെയായും ഇളവ് നൽകിയിരുന്നു. ഇരു തസ്തികകളിലേയ്ക്കും ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള 8 ഇനങ്ങളിൽ |

| | | | |
|---|---|---|---|
| | | | 3 എണ്ണത്തിൽ മാത്രം യോഗ്യത നേടിയാൽ മതിയെന്ന ഇളവും ഉണ്ടായിരുന്നു.<br><br>സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായ പ്ലസ് ടു യോഗ്യതയുള്ളവരുടെ അഭാവത്തിൽ 8-ാം ക്ലാസ്സ് പാസ്സായവരേയും പരിഗണിച്ചിരുന്നു. സിവിൽ പോലീസ് ഓഫീസർ, വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികകളുടെ ശാരീരിക യോഗ്യതയിൽ നൽകിയ ഇളവുകൾ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾക്കും നൽകിയിരുന്നു. |
| സി) | പരിശീലനത്തിനു പ്രവേശിക്കുന്നതിനായി 52000/- രൂപയുടെ ബോണ്ട് നൽകണമെന്ന വ്യവസ്ഥ കാരണം അവർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയതിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കാമോ? | സി) | ഉണ്ട്. 17.05.2018-ലെ സ.ഉ(കൈ)നം.88/18/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പോലീസ് വകുപ്പിൽ നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകേണ്ട ബോണ്ടിലെ തുകയും കൂടാതെ രണ്ട് സർക്കാർ ഉദ്യോഗസ്ഥർ ജാമ്യം നിൽക്കണമെന്ന വ്യവസ്ഥയും ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ